**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2731** **24-06-2024 - ൽ മറുപടിയ്ക്ക്**

**ഇടുക്കി ജില്ലയിലെ റിസ്ക് ഫണ്ട്**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം. എം. മണി** | **ശ്രീ. വി.എൻ വാസവൻ**<br>**(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി)** |

(എ) ഈ സർക്കാർ വന്നതിന് ശേഷം റിസ്ക് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അതിൽ എത്ര എണ്ണം അനുവദിച്ചുവെന്നും എത്ര എണ്ണം നിരസിച്ചുവെന്നുമുള്ള വിശദാംശം മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ;

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം റിസ്ക് ഫണ്ട് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിൽ നിന്നും 1986 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ആയതിൽ 1172 അപേക്ഷകളിലായി 8,30,25,451/- രൂപയുടെ റിസ്ക് ഫണ്ട് ധനസഹായം അനുവദിച്ചു നല്കിയിട്ടുള്ളതും, 250 അപേക്ഷകൾ നിരസിച്ചിട്ടുള്ളതുമാണ്. മണ്ഡലം തിരിച്ചുള്ള വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | മണ്ഡലത്തിന്റെ പേര് | ബോർഡിൽ ലഭ്യമായ അപേക്ഷക ളുടെ എണ്ണം | ധനസഹായം അനുവദിച്ച അപേക്ഷക ളുടെ എണ്ണം | ധനസഹായം നിരസിച്ച അപേക്ഷക ളുടെ എണ്ണം |
|---|---|---|---|---|
| 1 | ഇടുക്കി | 558 | 326 | 83 |
| 2 | ദേവികുളം | 332 | 172 | 41 |
| 3 | ഉടുമ്പൻ ചോല | 393 | 276 | 36 |
| 4 | തൊടുപുഴ | 429 | 232 | 47 |
| 5 | പീരുമേട് | 274 | 166 | 43 |
| | **ആകെ** | **1986** | **1172** | **250** |

ബാക്കിയുള്ള 564 അപേക്ഷകൾ ന്യൂനത പരിഹരിക്കുന്നതിനായി ബന്ധപ്പെട്ട സഹകരണ ബാങ്ക് / സംഘത്തിന് കത്ത് നല്കിയിട്ടുള്ളതും, ആനുകൂല്യം ലഭ്യമാക്കുന്നതിനായി ലഭിച്ചിട്ടുള്ള പുതിയ അപേക്ഷകളുമാണ്.

(ബി) ഈ ആനുകൂല്യങ്ങളെപ്പറ്റി അറിവില്ലാത്തതിനാൽ അർഹരായവർക്ക് ഇത് പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അർഹരായവർക്കെല്ലാം പദ്ധതി പ്രയോജനപ്പെടുത്താൻ കഴിയുന്ന വിധം എന്തൊക്കെ നടപടികളാണ്

(ബി) റിസ്ക് ഫണ്ട് ആനുകൂല്യങ്ങളെപ്പറ്റി അറിവില്ലാത്തതിനാൽ അർഹരായവർക്ക് പ്രയോജനപ്പെടുത്താൻ കഴിയാതെ പോകുന്ന സാഹചര്യം ബോർഡിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

റിസ്ക് ഫണ്ട് പദ്ധതി ചട്ടങ്ങളിൽ ഭേദഗതി വരുത്തി സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുമ്പോൾ എല്ലാ സഹകരണ ബാങ്ക്/സംഘങ്ങളെയും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ), ജോയിന്റ് രജിസ്ട്രാർ (ജനറൽ), എന്നിവർ രേഖാമൂലം അറിയിക്കാറുണ്ട്. ബോർഡിന്റെ ഔദ്യോഗിക വെബ് സൈറ്റിലും റിസ്ക് ഫണ്ട് പദ്ധതി നിയമാവലിയും ഭേദഗതികളും സർക്കാർ ഉത്തരവുകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. പത്രമാദ്ധ്യമങ്ങളിലും റിസ്ക് ഫണ്ട് ഭേദഗതികളെക്കുറിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൂടാതെ സഹകരണ സംഘം രജിസ്ട്രാർ റിസ്ക് ഫണ്ട് പദ്ധതിയെക്കുറിച്ച് നിരവധി സർക്കുലറുകൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.

റിസ്ക് ഫണ്ട് പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾ സഹകരണ ബാങ്കുകളിൽ നിന്നും വായ്പ എടുക്കുന്നവരുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനായി പദ്ധതിയെപ്പറ്റി വിവരിച്ചിട്ടുള്ള കാര്യങ്ങൾ എല്ലാ ബാങ്ക്/സംഘങ്ങളും, സംഘാംഗങ്ങൾക്ക് പ്രത്യേകിച്ച് ശ്രദ്ധയിൽപ്പെടുന്ന

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ? | | തരത്തിൽ ബാങ്ക് മന്ദിരത്തിലും, ശാഖാ മന്ദിരത്തിലും പ്രദർശിപ്പിക്കുന്നതിനും, റിസ്ക് ഫണ്ട് പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രത്യേകം അച്ചടിച്ച് വായ്പയെടുക്കുന്ന സമയത്ത് വായ്പക്കാർക്ക് നല്കുന്നതിനും, കൂടാതെ മുമ്പ് വായ്പ എടുത്തിട്ടുള്ള അംഗങ്ങൾക്ക് നല്കുന്നതിനായി അവ സംഘം ഹെഡ് ആഫീസ്, ശാഖ എന്നിവിടങ്ങളിൽ ലഭ്യമാക്കുന്നതിനും സഹകരണ സംഘം രജിസ്ട്രാറുടെ 38/2017 നമ്പർ സർക്കുലർ പ്രകാരവും നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുമുണ്ട്.<br><br>കൂടാതെ റിസ്ക് ഫണ്ട് ധനസഹായ അപേക്ഷകളിൽ ന്യൂനതകൾ പരമാവധി ഒഴിവാക്കി ബോർഡിന് സമർപ്പിക്കുന്നതിനായി അപേക്ഷകൾ ബന്ധപ്പെട്ട അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) / ജോയിന്റ് ഡയറക്ടർ/കൺകറണ്ട് ആഡിറ്റർ / അസിസ്റ്റന്റ് രജിസ്ട്രാർ/ വാല്യുവേഷൻ ആഫീസർമാർ പരിശോധിച്ച് പരമാവധി ന്യൂനതകൾ ഒഴിവാക്കി ബോർഡിൽ ലഭ്യമാക്കുന്നതിന് ഒരു ചെക്ക് ലിസ്റ്റ് തയ്യാറാക്കി ടി ആഫീസുകളിൽ സമർപ്പിച്ചിട്ടുമുണ്ട്.<br><br>കേരളത്തിലെ വിവിധ സഹകരണ ബാങ്ക്/സംഘങ്ങളിൽ നിന്നും വായ്പയെടുത്ത ശേഷം മരണപ്പെടുകയോ, മാരകരോഗം പിടിപെടുകയോ ചെയ്യുന്ന അർഹരായ മുഴുവൻ വായ്പക്കാർക്കും കേരള സഹകരണ റിസ്ക് ഫണ്ട് പദ്ധതി പ്രകാരം റിസ്ക് ഫണ്ട് നിയമാവലി നിബന്ധനകൾക്കു വിധേയമായി ധനസഹായം അനുവദിച്ചു വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ